(എ) സംസ്ഥാനത്ത് ബാംബൂ കോർപ്പറേഷൻ ഡിപ്പോകളിൽ പീസ് റേറ്റ് വർക്കർമാരായി പ്രവർത്തിക്കുന്ന തൊഴിലാളികളെ ഈ സ്ഥാപനത്തിൽ ക്ലാസ് IV ജീവനക്കാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ബാംബൂ കോർപ്പറേഷനിലെ പീസ് റേറ്റ് വർക്കർമാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി നിയമിക്കുകയാണെങ്കിൽ അതിനുള്ള ഭീമമായ സാമ്പത്തിക ബാദ്ധ്യത ഇപ്പോഴത്തെ സ്ഥിതിയിൽ സർക്കാർ ഏറ്റെടുക്കേണ്ടതായി വരും. അതുകൊണ്ട് ഇതിൻമേൽ അനന്തര നടപടി കൈക്കൊള്ളുവാൻ നിർവ്വാഹമില്ല.

37 (539) കയർ വ്യവസായത്തിന്റെ അഭിവൃദ്ധി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി എൻ.കെ. രാധ:
ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കയർ ഗ്രാമങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ കയർ ഗ്രാമങ്ങൾ ഏതെല്ലാം ജില്ലകളിൽ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് കയർ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയുടെ മുടക്ക് മൂലധനം എപ്രകാരം സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കയർ ഉൽപ്പന്നങ്ങളുടെ സംസ്ഥാനത്തെ ഉപയോഗം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ കയറുൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) കഴിഞ്ഞ മൂന്നു വർഷക്കാലമായി എന്തു തുകയുടെ കയറ്റുമതിയാണ് നടത്തിയതെന്നു വ്യക്തമാക്കുമോ?
207/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1) കയറുൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ എൻ.സി.ഡി.സി യുടെ സാമ്പത്തിക സഹായത്തോടെ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി 81 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള രണ്ടു യൂണിറ്റുകൾ എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപിക്കുവാൻ അംഗീകാരം നൽകിക്കഴിഞ്ഞു. ഇതു കൂടാതെ ആലപ്പുഴ ജില്ലയിൽ രണ്ടു യൂണിറ്റുകളും, കണ്ണൂർ ജില്ലയിൽ ഒരു യൂണിറ്റും യഥാക്രമം 145 ലക്ഷം, 120 ലക്ഷം, 114.05 ലക്ഷം രൂപ മുതൽമുടക്കിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

2) വിവിധതരം പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളുടെ സമുച്ചയം 'എക്കോ കയർ വില്ലേജുകൾ ' സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

(സി)&(ഡി) എറണാകുളം, ആലപ്പുഴ, കൊല്ലം,തിരുവനന്തപുരം ജില്ലകളിൽ കയർ ഗ്രാമങ്ങൾ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

(ഇ) കയറുൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ വില്പനശാലകൾ അനുവദിക്കുന്നതിന് ധനസഹായം നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. ജിയോടെക്സ്റ്റൈൽസിന്റെ ഉപയോഗം വ്യാപകമാക്കാൻ നടപടികൾ സ്വീകരിച്ചു. വിവിധ മാധ്യമങ്ങൾ വഴി കയറുൽപ്പന്നങ്ങൾക്ക് പ്രചരണം നൽകുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. ടെൻഡർ, ക്വട്ടേഷൻ എന്നിവ കൂടാതെ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്, കയർ സഹകരണ സംഘങ്ങൾ എന്നിവയിൽനിന്നും കയർ, കയറുൽപ്പന്നങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് സംസ്ഥാന സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് കേന്ദ്ര സർക്കാർ പൊതു ടെണ്ടർ കൂടാതെ തന്നെ കയറുൽപ്പന്നങ്ങൾ കയർ ബോർഡ് ഷോറൂമുകളിൽ നിന്നും വാങ്ങേണ്ടതിന് ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ ആനുകൂല്യം കയർഫെഡിനും, കയർ കോർപ്പറേഷനും കൂടി ബാധകമാക്കേണ്ടതാണെന്ന് കേന്ദ്ര സർക്കാരിനോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(എഫ്) കയറുല്പന്നങ്ങളുടെ വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള കയർ ബോർഡാണ്. എന്നിരുന്നാലും വിദേശ വിപണി പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യാനുള്ള നടപടി കയർഫെഡ്, കയർ കോർപ്പറേഷൻ ഫോം മാറ്റിംഗ്സ് ഇൻഡ്യാ എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു. കൂടുതൽ രാജ്യങ്ങളിൽ കയറുൽപ്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുവാൻ സംസ്ഥാന കയറ്റുമതി വികസന കൗൺസിൽ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

(ജി) 1996-97 -ൽ 21,258.26 ലക്ഷം രൂപയുടേയും, 1997-98 - ൽ 23,692.90 ലക്ഷം രൂപയുടേയും 1998-99- ൽ 29,200.00 ലക്ഷം രൂപയുടേയും കയറ്റുമതി നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly